(ബി) യു. ഐ. ഡി. കാർഡ് നൽകുന്നതിനായി കെൽട്രോൺ മുഖേന യാണോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് സംസ്ഥാനത്ത് പണിയെടുക്കാൻ യു.ഐ.ഡി. നിർബന്ധമാക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും എല്ലാ വിവരങ്ങളും ഉൾക്കൊണ്ട യു.ഐ.ഡി. കാർഡുകൾ ഇവർക്ക് നൽകുന്നതിനുമായ പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിലെ 250-ാം ഖണ്ഡിക പ്രകാരം 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കാനായുള്ള നോഡൽ ഏജൻസി ആരാണെന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) യു.ഐ.ഡി. നിർബന്ധമാക്കില്ല.

അന്യസംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യവും തൊഴിലിടങ്ങളിൽ സുരക്ഷാ ക്രമീകരണവും

149 (8209) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട് ;

(ബി) അതിൽ സ്വാഭാവികമരണമെത്ര ; അപകടമരണമെത്ര ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പുമുഖേന പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ഡി) മരണമടഞ്ഞ അന്യസംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് ഓരോരുത്തർക്കും എത്ര രൂപാ വീതം സമാശ്വാസ ധന നൽകി ;

(ഇ) അന്യസംസ്ഥാന തൊഴിലാളികൾ ഫ്ലാറ്റ് നിർമ്മാണങ്ങളിലും മറ്റും ഏർപ്പെടുന്ന സ്ഥലത്ത് നിയമപരമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിശോധന നടത്തുന്നുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ടർമാർവഴി ലഭ്യമാക്കിയ കണക്ക് പ്രകാരം 120 അന്യസംസ്ഥാന തൊഴിലാളികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മരണമടഞ്ഞിട്ടുണ്ട്.

(ബി) സ്വാഭാവിക മരണം : 11

അപകട മരണം : 109

(സി) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇവരുടെ കലം, കുടുംബ പശ്ചാത്തലം, ജാതി തുടങ്ങിയവയെ സംബന്ധിച്ച് ആധികാരിക വിവരങ്ങൾ ശേഖരിച്ച് പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനും എല്ലാ വിവരങ്ങളും ഉൾക്കൊണ്ട യു.ഐ.ഡി കാർഡുകൾ ഇവർക്കു നൽകുന്നതിനുമായ പദ്ധതിക്കായി 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും സ്വാഭാവിക മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് 10,000 രൂപ വീതവും നൽകുന്നുണ്ട്.

(ഇ) പരിശോധന നടത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ ഫ്ളാറ്റ് നിർമ്മാണങ്ങളിലും മറ്റും ഏർപ്പെടുന്ന സ്ഥലത്ത് നിയമപരമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി 19-4-2014 മുതൽ നാളിതുവരെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ 127 വർക്ക് സൈറ്റുകളിൽ പരിശോധനകൾ നടത്തുകയും സുരക്ഷാ ക്രമീകരണങ്ങളുടെ ലംഘനംമൂലം 41 വർക്ക് സൈറ്റുകളിൽ പ്രൊഹിബിഷൻ ഓർഡർ നൽകുകയും തുടരന്വേഷണത്തിൽ ലംഘനങ്ങൾ പരിഹരിച്ചതായി ബോധ്യപ്പെട്ട തൊഴിലുടമകൾക്കെതിരെയുള്ള വിലക്ക് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.